**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1861** **29-07-2021 - ൽ മറുപടിയ്ക്ക്**

**കെ.എഫ്. സി. യിൽ നിന്ന് വായ്പയെടുത്ത വ്യവസായ യൂണിറ്റുകളുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത എത്ര വ്യവസായ യൂണിറ്റുകൾ കോവിഡ് പ്രതിസന്ധി മൂലം പ്രവർത്തന രഹിതമായിയെന്ന് വ്യക്തമാക്കാമോ; | (എ) | കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത നിരവധി വ്യവസായ യൂണിറ്റുകൾക്ക് കോവിഡ് പ്രതിസന്ധി മൂലം താൽക്കാലികമായി പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ട്. ഇവയുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | ഇത്തരം യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | ഇത്തരം യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാനായി കോവിഡ് പദ്ധതി പ്രകാരം കുറഞ്ഞ പലിശയ്ക്ക് വായ്പകൾ അനുവദിക്കുകയും, വായ്പകൾ തിരിച്ചടയ്ക്കുന്നതിന് ആർ.ബി.ഐ നിബന്ധനകൾക്ക് വിധേയമായി മൊറട്ടോറിയം നൽകുകയും തിരിച്ചടവ് പുനക്രമീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം യൂണിറ്റുകൾക്ക് ആറ് മാസത്തേയ്ക്ക് പലിശ പൂർണ്ണമായും ഇളവ് ചെയ്ത് വായ്പ പുന:ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | വായ്പകൾക്ക് ആർ.ബി.ഐ നിബന്ധനകൾക്ക് വിധേയമായി മുതൽ തിരിച്ചടയ്ക്കാൻ മൊറട്ടോറിയം നൽകുകയും തിരിച്ചടവ് പുനക്രമീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ